## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1752

16.03.2015 ലെ
മറുപടിയ്ക്ക്

### ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവ്വൂർ കുഞ്ഞുമോൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകൾ ഏതൊക്കെയാണെന്നറിയിക്കാമോ ;<br><br>(ബി) ഓരോന്നിനും പ്രതിമാസം എത്ര രൂപ വീതമാണ് വിതരണം ചെയ്യുന്നത് ;<br><br>(സി) ഓരോ ഇനത്തിലും സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കുമോ ;<br><br>(ഡി) പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (എ),<br>(ബി),<br>(സി),<br>&<br>(ഡി) | മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സ അദ്ധ്യാപകർക്കായുള്ള പെൻഷൻ പദ്ധതി മാത്രമാണ് വകുപ്പ് മുഖേന നടപ്പാക്കുന്ന ക്ഷേമ പെൻഷൻ പദ്ധതി. 65 വയസ്സ് പൂർത്തിയാകുന്നതുവരെ അംഗത്വം നിലനിർത്തുന്ന അംഗങ്ങൾക്ക് അംഗത്വ കാലയളവിന് ആനുപാതികമായി 500/- രൂപ മുതൽ 5200/- രൂപ വരെ പ്രതിമാസ പെൻഷൻ ലഭിക്കുന്നതാണ്. 2010 മെയ് 31-ലെ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുള്ള പ്രസ്തുത പദ്ധതി 5 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പെൻഷൻ വിതരണം ആരംഭിക്കുകയുള്ളൂ. നിലവിൽ ക്ഷേമനിധിയിൽ 13092 അംഗങ്ങൾ ഉണ്ട്. പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ